**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 16** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>വയോജനക്ഷേമ വകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീമതി ഉഷ വിജയൻ | ശ്രീ. വി. ഡി. സതീശൻ |
| ശ്രീ. ടി. ജെ. വിനോദ് | (മുഖ്യമന്ത്രി) |
| ശ്രീ. കെ. എം. അഭിജിത്ത് | |
| ശ്രീ. കെ. പ്രവീൺ കുമാർ | |

**(എ)** രാജ്യത്ത് ആദ്യമായി രൂപീകരിച്ച വയോജനക്ഷേമ വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വയോജനങ്ങൾക്കുവേണ്ടി ആദ്യമായി വയോജനവകുപ്പ് രൂപീകരിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഇതിനെ അടിസ്ഥാനമാക്കി, സർക്കാർ നയരേഖകൾ രൂപീകരിച്ചുകൊണ്ടും ആവശ്യമായ സ്ഥാപനങ്ങൾ, വ്യയശേഷി നേടാനുതകുന്ന സാമ്പത്തിക സഹായം, സംരംഭകത്വം, വയോജനങ്ങളുടെ വൈദഗ്ധ്യം എന്നിവ ഉൾപ്പെടുന്ന 'സിൽവർ ഇക്കോണമി' വികസിപ്പിക്കും.

വയോജന സേവനം, റിട്ടയർമെന്റ് ഇൻഫ്രാസ്ട്രക്ചർ, വാർദ്ധക്യകാല ആരോഗ്യ പരിപാലന രംഗത്തെ നവീന കണ്ടുപിടിത്തങ്ങൾ, സിൽവർ സംരംഭകത്വം തുടങ്ങിയവ ഉൾക്കൊള്ളുന്ന ഒരു സമാഹൃത സിൽവർ ഇക്കോണമിക് പോളിസി വികസിപ്പിച്ച് നടപ്പിലാക്കും. ഈ സംരംഭത്തിന്റെ നടപ്പാക്കൽ മുൻഗണനകളെയും പ്രവർത്തനരീതികളെയും കുറിച്ച് മുതിർന്ന പൗരന്മാരുടെ അഭിപ്രായങ്ങൾ ശേഖരിക്കുന്നതിനായി സംസ്ഥാന വ്യാപകമായി സമഗ്രമായ ഒരു സർവേ സർക്കാർ നടത്തും. അതിന്റെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി കേരളത്തിലെ വയോജനങ്ങളെ സജീവരാക്കുന്നതിനും സിൽവർ ഇക്കോണമി വികസനത്തിനുമായി ദീർഘകാല റോഡ് മാപ്പ് തയ്യാറാക്കുന്നതാണ്. വയോജനങ്ങളെ അവരുടെ സ്വന്തം വീടുകളിലും കുടുംബ-സാമൂഹിക പരിസരങ്ങളിലും സുരക്ഷിതമായും അന്തസ്സോടെയും ജീവിക്കാൻ പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ സിൽവർ ഇക്കോണമിയുടെ ഭാഗമായി സ്വീകരിക്കുന്നതാണ്.

വിട്ടുമാറാത്ത രോഗങ്ങൾ അല്ലെങ്കിൽ വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകൾ, വൈകല്യങ്ങൾ എന്നിവ നേരിടുന്നവരെ സഹായിക്കുന്നതിനായി തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സർക്കാർ-സ്വകാര്യ നഴ്സിംഗ് കോളേജുകളിലും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലും ആറ് മാസകാലയളവിലേക്കുള്ള സർക്കാർ അംഗീകാരത്തോടെയുള്ള അന്താരാഷ്ട്ര നിലവാരമുള്ള കെയർ-ഗിവർ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കും. ഇതിലൂടെ ആവശ്യമുള്ളവർക്ക് പരിചരണവും തൊഴിൽരഹിതരായ യുവജനങ്ങൾക്ക് മാന്യമായ തൊഴിലും ലഭ്യമാകും. മുതിർന്ന പൗരന്മാരെ

സജീവമാക്കുന്നതിന് വയോജന പാർക്കുകളും പകൽവീടുകളും ഫിറ്റ്നസ് സെന്ററുകളും ഒരുക്കുന്നതാണ്.

വയോജനവകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 2026-27 ലെ പുതുക്കിയ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**(ബി)** വയോജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** വയോജനങ്ങൾക്കുവേണ്ടി ആദ്യമായി വയോജനവകുപ്പ് രൂപീകരിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഇതിനെ അടിസ്ഥാനമാക്കി, സർക്കാർ നയരേഖകൾ രൂപീകരിച്ചുകൊണ്ടും ആവശ്യമായ സ്ഥാപനങ്ങൾ, വ്യയശേഷി നേടാനുതകുന്ന സാമ്പത്തിക സഹായം, സംരംഭകത്വം, വയോജനങ്ങളുടെ വൈദഗ്ധ്യം എന്നിവ ഉൾപ്പെടുന്ന 'സിൽവർ ഇക്കോണമി' വികസിപ്പിക്കും.

വയോജന സേവനം, റിട്ടയർമെന്റ് ഇൻഫ്രാസ്ട്രക്ചർ, വാർദ്ധക്യകാല ആരോഗ്യ പരിപാലന രംഗത്തെ നവീന കണ്ടുപിടിത്തങ്ങൾ, സിൽവർ സംരംഭകത്വം തുടങ്ങിയവ ഉൾക്കൊള്ളുന്ന ഒരു സമാഹൃത സിൽവർ ഇക്കോണമിക് പോളിസി വികസിപ്പിച്ച് നടപ്പിലാക്കും. ഈ സംരംഭത്തിന്റെ നടപ്പാക്കൽ മുൻഗണനകളെയും പ്രവർത്തനരീതികളെയും കുറിച്ച് മുതിർന്ന പൗരന്മാരുടെ അഭിപ്രായങ്ങൾ ശേഖരിക്കുന്നതിനായി സംസ്ഥാന വ്യാപകമായി സമഗ്രമായ ഒരു സർവേ സർക്കാർ നടത്തും. അതിന്റെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി കേരളത്തിലെ വയോജനങ്ങളെ സജീവരാക്കുന്നതിനും സിൽവർ ഇക്കോണമി വികസനത്തിനുമായി ദീർഘകാല റോഡ് മാപ്പ് തയ്യാറാക്കുന്നതാണ്. വയോജനങ്ങളെ അവരുടെ സ്വന്തം വീടുകളിലും കുടുംബ-സാമൂഹിക പരിസരങ്ങളിലും സുരക്ഷിതമായും അന്തസ്സോടെയും ജീവിക്കാൻ പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ സിൽവർ ഇക്കോണമിയുടെ ഭാഗമായി സ്വീകരിക്കുന്നതാണ്.

വിട്ടുമാറാത്ത രോഗങ്ങൾ അല്ലെങ്കിൽ വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകൾ, വൈകല്യങ്ങൾ എന്നിവ നേരിടുന്നവരെ സഹായിക്കുന്നതിനായി തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സർക്കാർ-സ്വകാര്യ നഴ്സിംഗ് കോളേജുകളിലും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലും ആറ് മാസകാലയളവിലേക്കുള്ള സർക്കാർ അംഗീകാരത്തോടെയുള്ള അന്താരാഷ്ട്ര നിലവാരമുള്ള കെയർ-ഗിവർ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കും. ഇതിലൂടെ ആവശ്യമുള്ളവർക്ക് പരിചരണവും തൊഴിൽരഹിതരായ യുവജനങ്ങൾക്ക് മാന്യമായ തൊഴിലും ലഭ്യമാകും. മുതിർന്ന പൗരന്മാരെ സജീവമാക്കുന്നതിന് വയോജന പാർക്കുകളും പകൽവീടുകളും ഫിറ്റ്നസ് സെന്ററുകളും ഒരുക്കുന്നതാണ്.

വയോജനവകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 2026-27 ലെ പുതുക്കിയ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**